കോളനികൾ വനമേഖലയായതിനാൽ കേരളത്തിലെ വൈദ്യുത ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയല്ല. എന്നാൽ തമിഴ്നാട് ഗ്രിഡുമായി ബന്ധിപ്പിക്കാവുന്നവയാണ്. അതിനാൽ തമിഴ്നാട്ടിലെ വിതരണ കമ്പനിയായ "ടാൻ ജെഡ്കോ'- യുമായി ബന്ധപ്പെട്ട് ഈ കോളനികൾ വൈദ്യുതീകരിക്കുന്നതിന് നടപടി എടുത്തുവരുന്നു. പാലക്കാട് ജില്ലയിലെ 15 കോളനികളിൽ 531.83 ലക്ഷം രൂപ ചെലവിൽ 131.5 KW സ്ഥാപിത ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതീകരിക്കുന്നതിനായി ആർ.ജി.ജി.വി.വൈ. പദ്ധതി പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 5 കോളനികളിലേക്കുള്ള പദ്ധതി നിർവ്വഹണത്തിനായുള്ള വർക്ക്ഓർഡർ നൽകിയിട്ടുണ്ട്. ഇത് 2015 ഡിസംബറോടുകൂടി പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് 10 കോളനികളിലേക്കുള്ള പുനർദർഘാസ് നടപടികൾ പുരോഗമിച്ചു വരുന്നു.

(ബി) തച്ചമ്പാറ, കരിമ്പ പഞ്ചായത്തുകളിലെ ആദിവാസി കോളനികളിൽ വൈദ്യുതി എത്തിക്കുന്നതിന് ഡി.ഡി.യു.ജി.ജെ.വൈ. - പദ്ധതിയിൽ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

സോളാർ ഇൻവെർട്ടർ പ്രോൽസാഹന പദ്ധതി

20 (3173) ശ്രീ. പ്യഡി പ്യയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സോളാർ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രോൽസാഹനം നൽകുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളും വിശദാംശങ്ങളും വ്യക്തമാക്കാമോ ;

(സി) പദ്ധതിയിൻ കീഴിൽ ഉപഭോക്താവ് നൽകേണ്ട തുക എത്രയാണെന്നും സർക്കാരിന്റെ സബ്സിഡി ലഭ്യമാണോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സോളാർ ഇൻവെർട്ടറുകൾ ഉപയോഗിക്കുന്ന ഉപഭോക്താക്കൾക്ക് പ്രോത്സാഹനം നൽകുന്നതിനായി 'സൺ ഷിഫ്റ്റ്' എന്നൊരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) പീക്ക് ലോഡ് സമയങ്ങളിൽ ആവശ്യത്തിനനുസരിച്ച് വൈദ്യുതി ലഭ്യമല്ലാത്തതിനാൽ, ഈ പ്രശ്നം തരണം ചെയ്യുന്നതിലേക്കായി ചാക്രികമായ ലോഡ്ഷെഡ്ഡിംഗ് നടപ്പിലാക്കാറുണ്ട്. ഉപഭോക്താക്കൾ ഇത് മറികടക്കുന്നതിലേക്കായി ഇൻവെർട്ടറുകൾ ഉപയോഗിക്കുന്നു. ഇത്തരത്തിലുള്ള 15 ലക്ഷത്തിലേറെ ഇൻവെർട്ടറുകൾ സംസ്ഥാനത്തുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇവ ചാർജ്ജ് ചെയ്യാനായി ശൃംഖലാ ബന്ധിത വൈദ്യുതി തന്നെയാണ് ഉപയോഗിക്കുന്നത്. ഇതുമൂലം ലോഡ്ഷെഡ്ഡിംഗ് കൊണ്ട് ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുന്നില്ല എന്നു മാത്രമല്ല ഈ പ്രവണത, മറ്റു സമയങ്ങളിലും വൈദ്യുതിയുടെ ആവശ്യകത അധികമാക്കുകയും ചെയ്യുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായിട്ടാണ് 'സൺ ഡ്രിഫ്റ്റ്' പദ്ധതിക്ക് തുടക്കമിട്ടത്. ഇതിലൂടെ ഇത്തരം ഇൻവെർട്ടറുകൾ ചാർജ്ജ് ചെയ്യുവാനായി സൂര്യപ്രകാശം ഉപയോഗിക്കുവാനാണ് ലക്ഷ്യമിടുന്നത്. ഇൻവെർട്ടറുകൾ ചാർജ്ജ് ചെയ്യുവാനായി ശൃംഖലാ ബന്ധിത വൈദ്യുതി ഉപയോഗിക്കുന്നത് പൂർണ്ണമായും ഒഴിവാക്കുകയാണ് ലക്ഷ്യം.

(സി) കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ് എംപാനൽ ചെയ്തിട്ടുള്ള കമ്പനികളിൽ നിന്നുമാണ് ഉപഭോക്താക്കൾ പ്രസ്തുത സിസ്റ്റം വാങ്ങേണ്ടത്. ഏതു കമ്പനി എന്നതനുസരിച്ച് 37,000 രൂപ മുതൽ 44,000 രൂപ വരെയാണ് സിസ്റ്റത്തിന്റെ വിലയായി ഉപഭോക്താവ് നൽകേണ്ടത്. സോളാർ ഇൻവെർട്ടറുകൾ സ്ഥാപിച്ചശേഷം ആദ്യം അപേക്ഷിക്കുന്ന 2750 ഗുണഭോക്താക്കൾക്ക് ഓരോ സിസ്റ്റത്തിനും 5000 രൂപ വീതം സബ്സിഡി അനെർട്ട് വഴി നൽകുന്നതാണ്.

വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിന് നിയമനിർമ്മാണം

21 (3174) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉപഭോഗം കുറയ്ക്കുന്നതിനും സൗരോർജത്തിന് മുൻഗണന നൽകി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമുതകുന്ന വിധത്തിൽ നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) ഏതു ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുകൾക്കാണ് പ്രസ്തുത നിയമം ബാധകമാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly